നം. എ5/28783/റ്റിസി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 14.07.2014

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - കേരള സംസ്ഥാന സേവനവകാശ നിയമം 2012- നടപ്പാക്കിയത് സംബന്ധിച്ച പ്രതിമാസ പ്രവർത്തന പത്രിക ലഭ്യമാകുന്നത് - സംബന്ധിച്ച്.

സൂചന:-
1. A5/18331/2012/TC dated 20/04/2013 നമ്പരായ നോട്ടിഫിക്കേഷൻ
2. 6203/എ.ആർ 12(1)2013 ഉ.ഭ.പ.വ നമ്പരായ 28/6/2014- ലെ സർക്കാർ കത്ത്.
3. 16886/ഡി3/2013 നമ്പരായ 10/7/2014-ലെ സർക്കാർ കത്ത്.

സൂചന 2 ന്റെയും 3 ന്റെയും പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സൂചന 1-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ ഓഫീസുകളിൽ നിന്നും ശേഖരിച്ച് സൂചന 2 ൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ എല്ലാ മാസവും 5-)o തീയതിയ്ക്ക് മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

പകർപ്പ്:

റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാരും
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാരും

എസ്.കെ

Personal Attention (By Fax)

കേരള സർക്കാർ

നമ്പർ.16886/ഡി3/2013/ഗതാ

ഗതാഗത (ഡി) വകുപ്പ്
തിരുവനന്തപുരം.
തീയതി: 10.07.2014

സെക്രട്ടറി.

ഗതാഗത കമ്മീഷണർ,
തിരുവനന്തപുരം.

ഡയറക്ടർ,
സംസ്ഥാന ജലഗതാഗത വകുപ്പ്,
ആലപ്പുഴ.

മാനേജിംങ് ഡയറക്ടർ,
കെ.എസ്.ആർ.ടി.സി.,
തിരുവനന്തപുരം.

സർ,

വിഷയം: ഗതാഗത വകുപ്പ് - കേരള സംസ്ഥാന സേവനാവകാശ നിയമം 2012 - നടപ്പിലാക്കിയതു സംബന്ധിച്ച പ്രതിമാസ പ്രവർത്തന പത്രിക ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 28.06.2014 ലെ ഉ.ഭ.പ വകുപ്പിന്റെ 16203/എ.ആർ.12(1) 2013/ഉ.ഭ.പ.വ നമ്പർ പരിപത്രം.

സൂചനയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സേവനാവകാശ നിയമം 2012 നടപ്പിലാക്കിയതിനോടനുബന്ധിച്ച് താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട പ്രതിമാസ പ്രവർത്തന പത്രിക റിപ്പോർട്ട് എല്ലാ മാസവും 1-ാം തീയതിക്കു മുമ്പായി ചുവടെ കൊടുത്തിരിക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

| | | |
|---|---|---|
| 1 | കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ലഭ്യമായ അപേക്ഷകൾ. | |
| 2 | നിശ്ചിത സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയ അപേക്ഷകൾ. | |
| 3 | നിശ്ചിത സമയ പരിധി കഴിഞ്ഞ് തീർപ്പാക്കിയ അപേക്ഷകൾ. | |
| 4 | നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തിയ കേസുകൾ. | |
| 5 | ഒന്നാം അപ്പീലുകളുടെ എണ്ണം. | |
| 6 | രണ്ടാം അപ്പീലുകളുടെ എണ്ണം. | |

വിശ്വസ്തതയോടെ,
എൻ. ബി. ബാലകൃഷ്ണൻ
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

നമ്പർ. 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്
തിരുവനന്തപുരം, തീയതി : 28.06.2014.

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭർണപരിഷ്കാര വകുപ്പ് - കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയതു സംബന്ധിച്ചുള്ള പ്രതിമാസ പ്രവർത്തന പത്രിക നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1. 27.10.2012-ലെ സ.ഉ.(പി) നമ്പർ. 55/2012/ഉ.ഭ.പ.വ.
2. 27.10.2012-ലെ സ.ഉ.(പി) നമ്പർ. 56/2012/ഉ.ഭ.പ.വ.
3. 23.11.2012. 19.02.2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/2012/ഉ.ഭ.പ.വ. നമ്പരിലുള്ള സർക്കുലറുകൾ.
4. 20.12.2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ.നമ്പർ സർക്കുലർ.
5. 04.10.2013, 08.04.2014 എന്നീ തീയതികളിലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ.നമ്പർ സർക്കുലറുകൾ.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനും ചട്ടങ്ങൾ പാലിക്കുന്നതിലേയ്ക്കും സൂചനയിലെ സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു.

3. എല്ലാ വകുപ്പു സെക്രട്ടറിമാരെയും വകുപ്പദ്ധ്യക്ഷന്മാരെയും ബന്ധപ്പെട്ട വകുപ്പുകളിൽ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കുന്നതിന്റെ നോഡൽ ഓഫീസർമാരായി സൂചന (5) ന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുണ്ട്. സൂചന (5) പ്രകാരം കേരള സംസ്ഥാന സേവനാവകാശ ആക്ട്, 2012 ഉം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും കർശനമായി പാലിക്കുന്നതിനും ഓരോ വകുപ്പും/ സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പുമുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശിച്ചിരുന്നു.

(........2)

4 പ്രസ്തുത സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി, ചുവടെപ്പറയുന്ന മാതൃകയിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1. കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ലഭ്യമായ അപേക്ഷകൾ.
2. നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കിയ അപേക്ഷകൾ.
3. നിശ്ചിത സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയ അപേക്ഷകൾ.
4. നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തിയ കേസുകൾ.
5. ഒന്നാം അപ്പീലുകളുടെ എണ്ണം.
6. രണ്ടാം അപ്പീലുകളുടെ എണ്ണം.

5. എല്ലാ ഭരണവകുപ്പുകളും, വകുപ്പുകളിലെ നോഡൽ ഓഫീസർമാരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

കെ. അജയകുമാർ,
സെക്രട്ടറി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ്/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്ക്.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.